# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

**ദൈവകൃപയാൽ**

**ബാംഗ്ലൂർ ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്ത**
**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും**

C. No. 01/2026

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

പ്രിയരെ, നിങ്ങൾക്കേവർക്കും അനുഗ്രഹങ്ങളും സമാധാനവും നിറഞ്ഞ പുതുവർഷം നേരുന്നു. കഴിഞ്ഞവർഷം നമ്മെ അത്ഭുതകരമായി വഴി നടത്തിയ ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

നമ്മുടെ ഭദ്രാസന ദിനം 2026 ജനുവരി മാസം 4-ാം തീയതി ഞായറാഴ്ച ദിവസം നാം ആചരിക്കുകയാണ്. അന്നേദിവസം വിശുദ്ധ കുർബാനമദ്ധ്യേ ഭദ്രാസനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തേണ്ടതാണ്. ഭദ്രാസനത്തിലെ എല്ലാ വൈദികരെയും അവരുടെ കുടുംബങ്ങളെയും വൈദികവിദ്യാർത്ഥികളെയും മിഷൻ പ്രവർത്തനങ്ങളെയും പ്രവർത്തനമേഖലകളിൽ ഉള്ളവരെയും ഭദ്രാസനത്തിന്റെ വിവിധ മേഖലകളിൽ ഉള്ള വികസന പ്രവർത്തനങ്ങളെയും ദൈവസന്നിധിയിൽ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കണം. ഭദ്രാസനദിനത്തോടനുബന്ധിച്ച് നടത്തുന്ന കവർപിരിവ് വിജയിപ്പിക്കുവാൻ നിങ്ങളേവരും ആത്മാർത്ഥമായി ശ്രമിക്കണം. ഇടവകയിലെ വികാരിയും കമ്മിറ്റി അംഗങ്ങളും കവറുകൾ എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനും സംഭാവനകൾ സ്വീകരിക്കുന്നതിനും ഉള്ള ക്രമീകരണങ്ങൾ ചെയ്യണം. നമ്മുടെ ഭദ്രാസനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ പിന്തുണ ആവശ്യമാണ്. ഭദ്രാസന പൊതുയോഗതീരുമാനപ്രകാരം എല്ലാ കുടുംബങ്ങളിൽ നിന്നും കുറഞ്ഞത് 300 രൂപ (ഇന്ത്യയ്ക്കുള്ളിൽ) ഇടവകകളിൽ നിന്നും സംഭാവനയായി നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. അതിൻപ്രകാരം ആ ഇടവകയുടെ ടാർജറ്റ് തുക ........................ രൂപ ആയിരിക്കുന്നതാണ്.

ഭദ്രാസനത്തിന് ലഭിക്കുന്ന സാമ്പത്തികസഹായങ്ങളിലൂടെയാണ് ഭദ്രാസനവികസന പ്രവർത്തനങ്ങൾ മുൻപോട്ട് പോകുന്നത്. ഇക്കാര്യങ്ങൾ പരിഗണിച്ച് നിങ്ങളുടെ സംഭാവനതുക കവറിൽ നിക്ഷേപിച്ച് ഇടവകയിൽ ഏല്പിക്കേണ്ടതാണ്.

ഭദ്രാസനത്തിലെ ചാരിറ്റി / മിഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അതോടൊപ്പം വികാരിമാരുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് വിദ്യാഭ്യാസം, ചികിത്സാ സഹായം, ഭവന നിർമ്മാണം, വിവാഹസഹായം തുടങ്ങിയവ നൽകിവരുന്നു.

വീണ്ടും പ്രിയരെ, ഭദ്രാസന പൊതുയോഗ തീരുമാനപ്രകാരം ദൊഡ്ഡബെല്ലാപൂർ സ്ഥലത്തെ വികസന പ്രവർത്തനങ്ങളുടെ പ്രാരംഭമായി, ചാപ്പലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഒരു ദേവാലയത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും അവിടേയ്ക്ക് നമുക്ക് ആവശ്യമായിട്ടുണ്ട്. അക്കാര്യത്തിലും നിങ്ങളുടെ പ്രാർത്ഥനയും, സഹായവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നേർച്ചയായി സാധനങ്ങളും സംഭാവനകളും നൽകുന്ന വിവരങ്ങൾ ഭദ്രാസന ഓഫീസിൽ അറിയിക്കേണ്ടതും ആകുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**

2026 ജനുവരി മാസം 01-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും